# അദ്ധ്യാപകരോട് ആദരപൂർവം

ഒരു പ്രൈവറ്റ് റസിഡൻഷ്യൽ ഹൈസ്കൂളിൽ കുറച്ചുകാലം അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടുകയുണ്ടായി. ധാരാളം കുട്ടികളുള്ള സ്ഥാപനം. സമൂഹത്തിലെ ഉയർന്ന തലത്തിലുള്ളവരുടെ മക്കൾ പഠിക്കുന്ന സ്ഥാപനമായതുകൊണ്ട് ഉയർന്ന പഠന സംവിധാനങ്ങളായിരുന്നു അവിടെയുണ്ടായിരുന്നത്.

ഉയർന്ന സാമ്പത്തികസ്ഥിതിയുള്ളവരായിരുന്നു 95 ശതമാനവും. അതിനാൽ തന്നെ ആരെയും കൂസാത്ത കുട്ടികൾ.

ചാർജെടുത്ത ഉടനെ പ്രിൻസിപ്പാൾ സ്കൂളിനെ മൊത്തത്തിൽ പരിചയപ്പെടുത്തിത്തന്നിട്ട് പറഞ്ഞു: നയിൻത് സ്റ്റാൻഡേർഡാണ് കൂടുതൽ പ്രയാസമുള്ള ക്ലാസ്സ്. ആർക്കും പെട്ടെന്ന് ഒതുങ്ങാത്ത കുട്ടികളാണതിലുള്ളത്. ആ ക്ലാസ്സിന്റെ ചാർജ് ഏറ്റെടുത്ത ടീച്ചേഴ്സ് പെട്ടെന്ന് പിന്മാറുകയാണ് ചെയ്യുന്നത്. ആരും ഏറ്റെടുക്കാനും തയാറാകാറില്ല.''

അദ്ദേഹം എന്താണ് ഉദ്ദേശിച്ചതെന്ന് എനിക്ക് മനസ്സിലായി. ഞാൻ പറഞ്ഞു: സാറേ, എനിക്ക് അത്തരം ക്ലാസ്സി നോടാണ് താൽപര്യം. വിരോധമില്ലെങ്കിൽ അതിന്റെ ചാർജ് എനിക്ക് വിട്ടുതരിക. പിന്നെ ആരോഗ്യകരമായ നിലയിൽ അൽപം സ്വാതന്ത്ര്യം ഞാനുപയോഗിക്കും. അതിന് ഫലവുമുണ്ടാകും.''

അദ്ദേഹം ആശ്ചര്യത്തോടെ എന്റെ കണ്ണുകളിലേക്ക് നോക്കി. ഞാൻ പറഞ്ഞു: അതെ സാർ. ഞാൻ കാര്യമാണ് പറഞ്ഞത്. കുട്ടികളെ കുട്ടികളായി കാണണം. അതിലൂടെ വേണം അവർക്ക് ജീവിതം എന്തെന്ന് പഠിപ്പിക്കാൻ. ഞാനൊന്ന് ശ്രമിച്ചുനോക്കട്ടെ.''

ആദ്യദിവസം തന്നെ ആ ക്ലാസ്സിലെ എല്ലാവരെയും പഠിക്കാൻ ശ്രമിച്ചു. ഓരോരുത്തരുടെയും മുഖവും സമീപനരീതിയും പെരുമാറ്റവും നോട്ട് ചെയ്തു. ഏതുരീതിയിലാണ് അവരോട് പെരുമാറേണ്ടതെന്ന് മനസ്സിലാക്കി. പാഠ്യ വിഷയങ്ങൾക്കു പുറമെ പൊതുവിഷയങ്ങളിൽ അവർക്ക് അവബോധം ഉണ്ടാകുന്നതിനായി ആഴ്ചയിൽ ഒരു ദിവസം അവരോട് പല വിഷയങ്ങളെ പറ്റിയും തുറന്നു സംസാരിച്ചു, സംവദിച്ചു. ഡിബേറ്റിൽ എല്ലാവരും പങ്കെടുത്തു. അതവർക്ക് പുതിയ അനുഭവമായിരുന്നു. സ്നേഹത്തിന്റെയും അനുസരണത്തിന്റെയും അച്ചടക്കത്തി ന്റെയും പുതിയ ലോകത്തിലേക്കവർ മെല്ലെ പ്രവേശിച്ചു. അതവരെ സ്വാധീനിച്ചെന്നു മനസ്സിലായപ്പോൾ സ്കൂളിൽ അതുവരെ അവർക്കുണ്ടായിരുന്ന ദുഷ്പേര് ഇല്ലാതാക്കുവാനും ഏറ്റവും നല്ല ക്ലാസ്സെന്ന സൽപേര് നേടുവാനും അവരെ പ്രോത്സാഹിപ്പിച്ചു. പ്രത്യേക സമീപനമാകാം ആ ചിന്ത അവരിൽ ഒരു വാശിയായി വളർന്നു. എന്താണ് ജീവിതം, എന്തിന് ജീവിക്കുന്നു, അതിന്റെ ഉദ്ദേശ്യമെന്ത്, ജീവിതം വിജയകരമാകാൻ എന്ത് വേണം, ജീവിതത്തെ എങ്ങനെ സമീപിക്കണം എന്നു തുടങ്ങി പല വിഷയങ്ങളും അവരെ പഠിപ്പിച്ചു. ഏറ്റവും നല്ല ക്ലാസ്സിനുള്ള ഉപഹാരം രണ്ടു വർഷം തുടർച്ചയായി നേടാൻ അവർക്ക് സാധിച്ചതിൽ ഇന്നും സന്തോഷം തോന്നു ന്നു. ഇന്ന് അവരിൽ ഏറെ പേരും ഉദ്യോഗസ്ഥരാണ്. പലരും ബിസിനസ്സും സാമൂഹികസേവനവുമായി നല്ല നിലയിൽ ജീവിക്കുന്നു. അവരിൽ പലരും അന്നത്തെ മറക്കാനാകാത്ത ക്ലാസ്സുകളെപ്പറ്റി കൃതജ്ഞതയോടെ അനു സ്മരിക്കുമ്പോൾ ഇന്നത്തെ അദ്ധ്യാപകരെ സംബന്ധിച്ച് പല സന്ദേഹങ്ങളും തോന്നാറുണ്ട്.

കുട്ടികൾ അസംസ്കൃത പദാർഥങ്ങളാകുന്നു. രക്ഷിതാക്കൾ അവരെ അദ്ധ്യാപകരുടെ കൈകളിലേക്ക് ഏല്പിക്കുന്നത് ഒന്നും അറിയാത്ത അവസ്ഥയിലാണ്. അദ്ധ്യാപകർക്ക് ഏതുവിധേന വേണമെങ്കിലും അവരെ വളർത്തിക്കൊണ്ടുവരാം. ജീവിതത്തോടും സമൂഹത്തോടും തികഞ്ഞ പ്രതിബദ്ധതയുള്ളവരാക്കി അവരെ മാറ്റുകയെന്നതാണ് പ്രധാനമായും ഒരദ്ധ്യാപകന് നിർവഹിക്കാനുള്ളത്.

മാറിവരുന്ന സാഹചര്യത്തിൽ പരിധികൾ ധാരാളമുണ്ടെങ്കിലും കുട്ടികളുടെ ഭാവിജീവിതം ശോഭനമാക്കുവാനും അവരിലൂടെ സമൂഹത്തിന്റെ ജീവിതം നന്നാക്കുവാനും അദ്ധ്യാപകരുടെ എളിയ ശ്രമങ്ങൾക്കാണ് സാധിക്കുക. ഇന്ന് ആ രീതിയൊക്കെ പാടേ വിസ്മരിക്കപ്പെട്ടിരിക്കുന്നു. പലരും അദ്ധ്യാപകവൃത്തി ജീവിക്കാനുള്ള കേവലം ഏർപ്പാടാക്കിമാറ്റി. അതിനപ്പുറം കുട്ടികളോട് അവർക്ക് ഒരു പ്രതിബദ്ധതയുമില്ല. അവരെങ്ങനെ ജീവിച്ചാലും അവർക്ക് പ്രശ്നമില്ല. ധാർമികവിഷയങ്ങളിൽ കുട്ടികളും മിക്ക അദ്ധ്യാപകരും രണ്ട് ധ്രുവങ്ങളിലാണ് ഇന്ന് ജീവിക്കുന്നത്.

ഒരേ ക്ലാസ്സിലെ മൂന്ന് കുട്ടികൾ ആത്മഹത്യ ചെയ്ത സാഹചര്യത്തിലാണിത് പറയുന്നത്. പലർക്കും പല കാരണവും പറയാനുണ്ടാകാം. പല സാഹചര്യങ്ങളും അവരെ സ്വാധീച്ചിരിക്കാം. എന്തുകൊണ്ട് അത്തരം സാഹചര്യം ഉണ്ടായി എന്നത് വലിയ ഒരു ചോദ്യമല്ല. മോശമായ സാഹചര്യം കുട്ടികൾക്ക് ഒരുക്കിക്കൊടുക്കുന്ന രക്ഷിതാക്കളാണ് കുറ്റവാളികൾ. പക്ഷേ, തന്റെ കുഞ്ഞിനെ ഒരദ്ധ്യാപകനെ ഏൽപിക്കുമ്പോൾ രക്ഷിതാവിന്റെ മനസ്സിലുണ്ടാകുന്ന വികാരങ്ങളോട് അദ്ധ്യാപകർ എങ്ങനെയാണ് പ്രതികരിക്കുക? തിരിച്ചും ചോദിക്കാം. ക്ലാസ്സിൽ വെച്ച് താൻ കുട്ടികൾക്ക് കൊടുക്കുന്ന ഉപദേശങ്ങൾ ജീവിതത്തിൽ പ്രയോഗവത്കരിക്കുന്ന കാര്യത്തിൽ രക്ഷിതാക്കൾ എത്രകണ്ട് സഹകരിക്കുന്നുണ്ട് എന്നതും പ്രസക്തമായ ചോദ്യമാണ്.

ബാല്യത്തിന്റെയും കൗമാരത്തിന്റെയും കളിതമാശകൾക്കപ്പുറം വരാനിരിക്കുന്ന ഉത്തരവാദിത്തപൂർണമായ ജീവിതത്തെ സംബന്ധിച്ച് അവരെ ബോധ്യപ്പെടുത്താൻ ഇന്ന് ആരാണ് സമയം കണ്ടെത്തുന്നത്? അത്തരം ജീവിതത്തെ അഭിമുഖീകരിക്കാൻ അവരെ എല്ലാവിധത്തിലും പ്രാപ്തരാക്കാൻ അധികമാരും തയാറാകാറില്ല. അതിനാൽ തന്നെ ജീവിതത്തെസംബന്ധിച്ച കാഴ്ചപ്പാടുകളില്ലാതെ ഒഴുക്കിൽ നീങ്ങുകയും പലപ്പോഴും അനാരോഗ്യകരമായ മേഖലകളിലേക്കവർ നീങ്ങുകയും ചെയ്യും. അദ്ധ്യാപകരും രക്ഷിതാക്കളും മാത്രമാണ് അക്കാര്യത്തിൽ പ്രതികൾ.

ഇപ്പോൾ സമൂഹം അവരെ നോക്കിക്കാണുന്നതെങ്ങനെയാണെന്നും വരാനിരിക്കുന്ന നാളുകളിൽ സമൂഹം അവരിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്നും അത് സാക്ഷാത്കരിക്കാൻ എന്തുവേണമെന്നും അവരെ ആരാണ് ഉണർത്താറുള്ളത്?

കിടമത്സരത്തിന്റെ ഒരു കാലമാണ് വരാനുള്ളതെന്നും അവസ്ഥകൾക്കനുസരിച്ച് ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ പരാജയപ്പെടുമെന്നും അവരെ ബോധ്യപ്പെടുത്താനും ആവശ്യമായ ഗൈഡ്ലൈൻ നൽകാനും അരാണ് സൗമനസ്യം കാണിക്കാറുള്ളത്. അദ്ധ്യാപകരുടെ ഈ വീഴ്ചയാണല്ലോ നാട്ടിൽ കൂൺപോലെ കൗൺസിലിംഗ് സെന്ററുകൾ മുളച്ചുപൊന്തുന്നാൻ ഇടയാക്കുന്നത്.

ഒക്കെ പോകട്ടെ സ്വന്തം വിദ്യാർഥികൾ ചെയ്യുന്ന തെറ്റുകളെ നിശിതമായി വിമർശിക്കാൻ എത്ര അദ്ധ്യാപകർ ഇന്ന് തയാറുണ്ട്? കുട്ടി ചെയ്യുന്നത് ഒരു പ്രശ്നമാകുമ്പോൾ മാത്രമാണ് പലരും അതിൽ ഇടപെടാറുള്ളത്. കുട്ടിയുടെ ഭാവി നശിക്കും എന്ന ചിന്തയോടെ അവരെ തിരുത്തുന്നവർ ഇന്ന് വളരെ വിരളം. പലപ്പോഴും കുട്ടികളെ അധാർമിക തെറ്റുകളിലേക്ക് വലിച്ചിഴക്കുന്ന ഗുരുനാഥന്മാരാണിന്ന് സ്ഥാപനങ്ങളിലുള്ളത്. അതിനാൽ തന്നെ ഗുരു–ശിഷ്യാദരവും ഭക്തിയും ഇന്ന് കടംകഥയായി മാറി. കുട്ടികൾ അറിയാതെ അവരെ നിരീക്ഷിക്കാനും പഠിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സ്വകാര്യമായി നൽകുവാനും അതിനു വേണ്ടി കുട്ടിയുടെ രക്ഷിതാക്കളുമായി ബന്ധം സ്ഥാപിക്കുവാനും അദ്ധ്യാപകർ തയാറാകണം. അത് കുട്ടികൾ വരുത്തിവെക്കുന്ന അനർഥങ്ങളിൽനിന്നുപോലും അവരെ രക്ഷിക്കും. പക്ഷേ, അദ്ധ്യാപകരുടെ കർമകുശലതയാണ് അവിടെ പ്രധാനം.

അദ്ധ്യാപകവൃത്തി സ്വന്തം അദ്ധ്വാനത്തിലൂടെ നേടിയെടുത്ത ഉപജീവനമാർഗമാണെന്ന കാഴ്ചപ്പാടിനപ്പുറം അത് ദൈവികമായ വരദാനമാണെന്ന് അദ്ധ്യാപകർ തിരിച്ചറിയണം. ധാർമികമായ ഒരു മനസ്സ് അവർക്കുണ്ടായതിനാലാണ് ദൈവം അവരെ തന്നെ ആ ജോലിക്ക് തിരഞ്ഞെടുത്തതും കുട്ടികളെ സംസ്കരിക്കാൻ അവരെ പ്രാപ്തരാക്കിയതും. അതിൽ വരുന്ന വീഴ്ച പാപമാണെന്ന് അവർ തിരിച്ചറിഞ്ഞെങ്കിൽ.